(സി) 11-3-2013 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 75/2013/നോർക്ക നമ്പർ പ്രകാരം തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്നതിന് രൂപം കൊടുത്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). ഈ പദ്ധതിക്കായി നാളിതുവരെ സർക്കാർ അനുവദിച്ച തുക Rs. 12.48 കോടി രൂപയാണ്.

2012-2013 - 1 കോടി
2013-2014 - 1.48 കോടി
2014-2015 - 5 കോടി
2015-2016 - 5 കോടി

ഇതിൽ 9.61 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## ഇ-മാലിന്യങ്ങൾ

87 (2920) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കേരളത്തിൽ ഇ-മാലിന്യങ്ങളുടെ ശേഖരണത്തിനും ഇ-മാലിന്യങ്ങൾമൂലമുള്ള മലിനീകരണം ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എത്രമാത്രം പ്രയോജനകരമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പരിശോധിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പരിശോധിച്ചിട്ടില്ല. ക്ലീൻ കേരള കമ്പനി മുഖേന 152 ടൺ ഇ-മാലിന്യങ്ങൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുകയും ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s. എർത്ത് സെൻസ് റീ സൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറുകയും പ്രസ്തുത ഇ-മാലിന്യങ്ങൾ ടി സ്ഥാപനം മുഖേന ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്.

## റോഡ് നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നിവയ്ക്ക് ചെലവായ തുക

88 (2921) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും റോഡുനിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നീ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചു എന്ന് തരം തിരിച്ചു വ്യക്തമാക്കാമോ; പണം ലഭിച്ചതും ലഭിക്കാത്തതുമായ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly